"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - അഗ്രികൾച്ചറൽ കോ ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) ഡയറക്ടറുടെ അധിക ചുമതല അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ.ടി.ആർ.രമേഷിന് നൽകി ഉത്തരവാകുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.270/2026/Co-Op തീയതി,തിരുവനന്തപുരം, 19-06-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.38/2025/സഹ തീയതി 20.01.2025
2. ACSTI അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 23.05.2026 ലെ ACSTI/5/34/2026-27 നം. കത്ത്.
3. ACSTI അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 23.05.2026 ലെ ACSTI/5/40/2026-27 നം. കത്ത്.
4. സ.ഉ.(സാധാ) നം.269/2026/സഹ തീയതി 18.06.2026

**<u>ഉത്തരവ്</u>**

അഗ്രികൾച്ചറൽ കോ ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുണ്ടായിരുന്ന എക്സിക്യൂട്ടീവ് ഡയറക്ടർ, ശ്രീ.കെ.സി.സഹദേവൻ തൽസ്ഥാനം രാജിവെച്ച് ഒഴിഞ്ഞതായും ടി സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് പുതിയ ഡയറക്ടറെ അടിയന്തരമായി നിയമിക്കേണ്ടതാണെന്നും ടി സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഫണ്ട് കൈകാര്യം ചെയ്യുവാൻ ഡയറക്ടർക്കും അഡ്മിനിസ്ട്രേറ്റർക്കും ജോയിന്റ് ആയി മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളുവെന്നതിനാൽ പുതിയതായി ഒരു ഡയറക്ടറെ നിയമിക്കണമെന്ന് പരാമർശം (2), (3) എന്നിവ പ്രകാരം അഗ്രികൾച്ചറൽ കോ ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഗ്രികൾച്ചറൽ കോ ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനായി പുതിയ ഡയറക്ടറെ നിയമിക്കുന്നതു വരെ ടി സ്ഥാപനത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായ

ശ്രീ.ടി.ആർ.രമേഷിന് ഡയറക്ടറുടെ അധിക ചുമതല നല്കി ഉത്തരവാകുന്നു.

3. പരാമർശം (4) ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വീണ എൻ മാധവൻ ഐ എ എസ്
സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
ഡയറക്ടർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അഗ്രികൾച്ചറൽ കോ ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
ശ്രീ.ടി.ആർ.രമേഷ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അഗ്രികൾച്ചറൽ കോ ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
ഐ & പി.ആർ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Priyanka T V
Date: 19-06-2026 14:41:02
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.